**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **14-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ. ബി. സതീഷ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി വാട്ടർ അതോറിറ്റിക്ക് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ഇതിനായുള്ള തുക എത്രയെന്നും വിശദമാക്കാമോ; | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തു കളിലായി വാട്ടർ അതോറിറ്റിക്ക് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു . 1. കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ MLA ഫണ്ട് പ്രയോജനപ്പെടുത്തി ചൂണ്ടുപലക മുതൽ മുണ്ടപളിക്കോണം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി. തുക- 3.70 ലക്ഷം - പ്രവൃത്തികൾ പൂർത്തീകരിച്ചു. 2. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ MLA ഫണ്ട് പ്രയോജനപ്പെടുത്തി പേയാട്, കാരംകോട്ടുകോണം മുതൽ ചാമവിള വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി- തുക- 3.20 ലക്ഷം- പ്രവൃത്തി പൂർത്തീകരിച്ചു. 3. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ MLA ഫണ്ട് പ്രയോജനപ്പെടുത്തി മൂഴിനട പുകവല്ലില്ലൂർക്കോണം- ആല്ലകോട് പൈപ്പ് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി- തുക- 2.7 ലക്ഷം- പ്രവൃത്തി പൂർത്തീകരിച്ചു. 4. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ സൗപർണ്ണിക- കോണറത്തലക്കൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - തുക-2.70 ലക്ഷം- പ്രവൃത്തി പൂർത്തീകരിച്ചു. 5. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ മുഴവൻ വീട്ടുകൾക്കും പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിലേക്കായി 22.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് ഘട്ടങ്ങളിലായുള്ള പ്രവൃത്തികളിൽ ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 6. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ മുഴവൻ വീട്ടുകൾക്കും പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിലേക്കായി 7.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് ഘട്ടങ്ങളിലായി 11 പ്രവൃത്തികളിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 7. കാട്ടാക്കട |

| | | | |
|---|---|---|---|
| | | | നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള വിതരണ പദ്ധതിയുടെ മൊത്തം ഭരണാനുതി 16 കോടി രൂപയുടേതാണ്. എല്ലാ പാക്കേജുകളുടെ കരാർ നൽകുകയും പണികൾ പുരോഗമിച്ചും വരുന്നു. 8. പള്ളിച്ചൽ, ബാലരാമപുരം, വിളവൂർക്കൽ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ളപദ്ധതി- ഇതിന് 10.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ പിടാരത്ത് 4.30 ലക്ഷം ലിറ്ററിന്റെയും, 4.00 ലക്ഷം ലിറ്ററിന്റെയും ഉന്നതതല ജലസംഭരണിയുടെയും വിതരണശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 8.70 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂവടയിൽ പൂർത്തീകരിച്ചു. പൈപ്പ് ലൈൻ ജോലികൾ പുരോഗമിക്കുന്നു. ഈ പദ്ധതിയുടെ പണികൾ നിലവിൽ 95% പൂർത്തീകരിച്ചിട്ടുണ്ട്. 9. നെയ്യാറിൽ പുതിയതായി സ്ഥാപിക്കുന്ന 120 MLD ജലശുദ്ധീകരണശാലയിൽ നിന്നും പി.റ്റി.പി. നഗറിലേക്കുള്ള 1422 mm MS pipe ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് 206.962 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടി പുരോഗമിച്ചു വരുന്നു. ഈ പദ്ധതിയിൽ നിന്നും 100 MLD ശുദ്ധജലം തിരുവനന്തപുരം നഗരത്തിലും 20 MLD ശുദ്ധജലം സമീപ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതാണ്. 10. RWSS to തേവുപറ 140 എംഎം, 110 എംഎം, പി.വി.സി പമ്പിങ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി - 103 .7 ലക്ഷം - പണി പുരോഗമിച്ചു വരുന്നു . 11. RWSS to കുളത്തുമാല 150 എംഎം AC പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 19.25 ലക്ഷം . ദർഘാസ് നടപടി പുരോഗമിക്കുന്നു . 12. CWSS to കാട്ടാക്കട - കാട്ടാക്കട മിനി സിവിൽ സ്റ്റേഷൻ കാര്യാലയത്തിലേക്കു കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി - 35 .8 ലക്ഷം -ദർഘാസ് നടപടി പുരോഗമിക്കുന്നു . 13. CWSS to അമ്പൂരി - 65 എംഎം GI പൈപ്പുകൾ മാറ്റി 65 mm GI പൈപ്പുകൾ പുന: സ്ഥാപിക്കുന്ന പ്രവൃത്തി - 22 .87 ലക്ഷം -ദർഘാസ് നടപടി പുരോഗമിക്കുന്നു . |
| (ബി) | പ്രസ്തുത 6 പഞ്ചായത്തുകളിലായി മൈനർ, മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭ്യമായ പ്രവൃത്തികളുടെ പേരും, തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാട്ടാക്കട ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും)- മായി ബന്ധപ്പെട്ട് അനുമതി ലഭ്യമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ